പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 4217 — 27.06.2013 -ൽ മറുപടിയ്ക്ക്

ഹൈസ്കൂളുകളിലെ മലയാളം ഭാഷാ അദ്ധ്യാപക നിയമന ശതമാന നിരക്ക് ഉയർത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) ഇംഗ്ലീഷ് ഭാഷയ്ക്ക് ഒന്നാം പദവി ഉണ്ടായിരുന്നപ്പോൾ സംസ്ഥാനത്തെ ഹൈസ്കൂളുകളിലേയ്ക്ക് ഇംഗ്ലീഷ്, മലയാളം അദ്ധ്യാപകരുടെ നിയമന ശതമാന നിരക്കുകൾ എത്രയായിരുന്നു ; പ്രസ്തുത സമയത്ത് ഹൈസ്കൂളുകളിൽ മലയാളം അദ്ധ്യാപകരെ നിയമിക്കുന്നതിലെ അദ്ധ്യാപക നിയമന ശതമാന നിരക്ക് അറിയിക്കുമോ ; | (എ) കെ.ഇ.ആർ വ്യവസ്ഥകളനുസരിച്ച് ഡിവിഷന്റെ അടിസ്ഥാനത്തിലാണ് ഇംഗ്ലീഷ് ഭാഷാദ്ധ്യാപകരുടെ നിയമനം. എന്നാൽ മലയാളം ഭാഷാദ്ധ്യാപകരുടെ നിയമനം പിരീഡിന്റെ അടിസ്ഥാനത്തിലാണ് നടന്നു വരുന്നത്. |
| (ബി) നിലവിൽ മലയാളം ഒന്നാം ഭാഷയായി അംഗീകരിച്ച സാഹചര്യം പരിഗണിച്ച് ഹൈസ്കൂളുകളിലെ മലയാളം ഭാഷാ അദ്ധ്യാപകരുടെ നിയമനത്തിന് അദ്ധ്യാപക നിയമന ശതമാന നിരക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) 27.06.2011 -ലെ സ:ഉ (എം.എസ്) നം.148/2011/പൊ.വി. പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം ഒന്നാം ഭാഷയാക്കിക്കൊണ്ട് ഉത്തരവായിട്ടുള്ളതും 01.09.2011 -ലെ ജി.ഒ(പി) നം.183/2011/പൊ.വി. പ്രകാരം മലയാളഭാഷാപഠനം നിർബന്ധമാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത ഉത്തരവുകളിലൊന്നും തന്നെ മലയാളം ഭാഷാദ്ധ്യാപകരുടെ നിയമനശതമാനത്തെക്കുറിച്ചൊന്നും പരാമർശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ